**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3509 — 22.08.2017 ൽ മറുപടിക്ക്

കുറ്റ്യാടി താലൂക്ക് ആശുപത്രി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയായ കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും സി.എച്ച്.സി.യുടെതാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | താലൂക്ക് ആശുപത്രിയായി ഉയർത്തിയതിനുശേഷം താഴെ ചേർത്തിരിക്കുന്ന തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്.<br>ജൂനിയർ കൺസൾട്ടന്റ് - 4<br>ഹെഡ് നേഴ്സ് - 1<br>കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ- 4<br>ഡെന്റൽ സർജൻ - 1<br>ലാബ് ടെക്നിഷ്യൻ - 1 |
| (ബി) | പ്രസ്തുത ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക വാർഡില്ലയെന്നത് പരിശോധിക്കുകയുണ്ടായോ ; | (ബി) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ മെറ്റേർണിറ്റി വാർഡ്, ഫീമെയിൽ വാർഡ്, എന്നിവ നിലവിലുണ്ട്. കുട്ടികളുടെ വാർഡ് ഇപ്പോൾ നിലവിലില്ല. |
| (സി) | പ്രസ്തുത ആശുപത്രിയിലെ മോർച്ചറിയുടെയും ഫ്രീസറിന്റേയും അഭാവം പോസ്റ്റ്മോർട്ടം നടപടികളെ പ്രതികൂലമായി ബാധിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ മോർച്ചറി സൗകര്യവും, ഒരു ഫ്രീസർ സൗകര്യവും നിലവിലുണ്ട്. ഇവയുടെ അപര്യാപ്തത കാരണം പോസ്റ്റ്മാർട്ടം നടപടികളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യങ്ങൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സ്ഥലപരിമിതിയാണ് പ്രസ്തുത ആശുപത്രിയുടെ മുഖ്യപ്രശ്നമെന്നിരിക്കെ ആശുപത്രിയോട് ചേർന്ന് എൺപത് സെന്റ് സ്ഥലം ഇറിഗേഷൻ വകുപ്പിൽ നിന്ന് വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ ഇപ്പോൾ നിലവിലുണ്ടോ; | (ഡി)<br>&<br>(ഇ) | ഇത് സംബന്ധിച്ച പ്രൊപോസൽ ഇതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ഇ) | എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ